മാതൃഭൂമിയുടെ വളരുന്ന സാഹിത്യം എന്ന പംക്തിയിൽ
മഴവില്ലുകൾ എന്ന കവിതാസമാഹാരത്തെപ്പറ്റി
എം ആർ ചന്ദ്രശേഖരൻ.

വളരുന്ന സാഹിത്യം മാതൃഭൂമി ആഴ്ചപ്പതിപ്പ് 1968 മാർച്ച് 3

# മഴവില്ലുകൾ - എം കെ ഭാസി

എം ആർ ചന്ദ്രശേഖരൻ

..... ഈ സമാഹാരത്തിലെ "മഴവില്ലുകൾ "എന്ന കവിതയെ ടുക്കുക. കിനാവുകൾ തകർന്നു, ഉദ്ദേശിക്കാത്തേടത്തെത്തി, ഒറ്റപ്പെട്ടു, നനവാർന്ന ജനൽപ്പാളിയിൽ കവിൾചേർത്തു, കരയാൻവയ്യാതെ, ദൂരത്തേയ്ക്കു അലക്ഷ്യമായി നോക്കി നില്ക്കുന്ന ഒരു ഭഗ്നചിത്തൻെറ ചിത്രം അതിൽ ഹൃദയംഗ മമായി തെളിയുന്നുണ്ട്.

"കുത്തഴിഞ്ഞതാണെൻെറ
കൊച്ചു പുസ്തക, മതിൽ
കുത്തിയും കുറിച്ചും ഞാ-
നെന്തൊക്കെ വരച്ചുവോ?
ഞാനറിയുന്നൂ കരി-
വീണൊരീപ്പുറങ്ങളിൽ
കാണുന്ന പാടൊക്കെയു-
മെൻെറ കണ്ണീരാണല്ലോ.
ഞാനറിയുന്നൂ കീറി-
പ്പോയാരീപ്പുറങ്ങളിൽ
വീണുടഞ്ഞതു സർവ-
മെൻെറ പൊൻകിനാവല്ലോ.
അവയൊക്കെയും മറ-
ന്നലമാലകൾ താണ്ടി
അകലെയ്ക്കകലേയ്ക്കു
ഞാൻ തുഴഞ്ഞകന്നു പോയ്.
മൂകനാ, യിരമ്പുന്നൊ-
രീമഹാനഗരത്തി,-
ലേകനായൊരു കൊച്ചു
വാടക മുറിക്കുള്ളിൽ

നനവാർന്നൊരീ ജനൽ
പ്പാളിയിൽ ക്കവിൾ ചേർത്തു
കരയാനാവാതെ ഞാൻ
നോക്കി നില്ക്കുന്നൂ ദൂരെ. "

ആ നില്പിലുണ്ടായ ഒരു ചിന്ത,
"എന്നിലേയ്ക്കലിഞ്ഞലി-
ഞ്ഞില്ലാതെയാകും ദുഃഖ-
ചിന്തകളാണോ മഴ-
വില്ലുകളായിത്തീർന്നു? "
തൻെറ കൊച്ചു ജീവിതം , അതിലെ ദുഃഖങ്ങൾ, തകർന്ന കിനാവുകൾ, ലക്ഷ്യമില്ല ാതെയുള്ള അലച്ചിൽ, ഇരമ്പുന്ന നഗരത്തിലെ നിസ്സഹായത നിറഞ്ഞ ഏകാന്തത, ആ നനഞ്ഞജനാലയിൽ കവിൾ ചേർത്തു, കരയാനാവാതെയുള്ള ആ നില്പ്! വികാരശീലനായ ഏതു മനുഷ്യനും സ്വകാര്യമായിസൂക്ഷിക്കുന്ന ഈദുഃഖത്തിൻെറ യാഥാർത്ഥ്യപ്പറ്റി ദീർഘിച്ചുപന്യസിക്കേണ്ടതില്ല. ഈ കവിക്ക് അനായാസമായി ആ ഒരുനിമിഷത്തെ പിടിച്ചെടുക്കാൻ കഴിഞ്ഞിരിക്കുന്നു.

"കടലാസു തോണികൾ " എന്ന കവിതയും ഇതിനോടിണങ്ങി നിൽക്കുന്നു.
മഴ പെയ്തുണ്ടായ വെള്ളത്തിൽ, മകൻ കടലാസുതോണികളിറക്കി. അച്ഛൻ അതു നോക്കിയിരുന്നു. തോണികൾ ആടിയുലഞ്ഞു മുങ്ങുന്നതു കണ്ട് മകനു ദുഃഖം.അവൻ ഒന്നുംമിണ്ടിയില്ല. അച്ഛനും മിണ്ടിയില്ല. പക്ഷേ, പിതാവിൻെറ ഹൃദയമിങ്ങനെ പറഞ്ഞു:
"നീയറിയുന്നോ മഴ-
ക്കാറു മൂടിയതാണു
ജീവിത, മിതുപോലെ
ദുഃഖമഗ്നവുമത്രേ.
കണ്ണുനീരിനാലുപ്പു
ചേർന്നൊരാക്കയങ്ങളിൽ
കൊച്ചു തോണിയിലേക-
നായി നീ തുഴയണം."
അച്ഛൻെറ ആത്മാലാപം തുടരുന്നു:

നീലാകാശത്തിൻെറ വക്കിൽ മിന്നിത്തിളങ്ങുന്ന ധ്രുവതാരം ,
നിൻെറ വഴി തെളിയിക്കുമ്പോൾ, നീ തളർന്ന് ഉറങ്ങിപ്പോകരുത്.
നിൻെറ ലക്ഷ്യം അകലത്താണല്ലോ.

ആ ആത്മാലാപത്തിൻെറ അന്ത്യത്തിൽ, ഒടുവിൽ, മഴ പെയ്തടങ്ങി.പക്ഷേ മകൻ അവിടെത്തന്നെ നൽക്കുകയാണ്.

"മഴ പെയ്തടങ്ങുന്നൂ
പിന്നെയും വിമൂകനായ്
നനവാർന്നൊരീ മുറ്റ-
ത്തെന്തിനു നില്ക്കുന്നു നീ?"

ആ നില്പ് മനസ്സിൽ നിന്നു പോകില്ല. ജീവിതത്തിൻെറ ആഴമളന്നആ പിതാവും, മുങ്ങിപ്പോയ ആ തോണികളും, മഴ പെയ്തടങ്ങിയപ്പോഴുണ്ടായ ആ ശൂന്യതയിൽ മരവിച്ചു നിൽക്കുന്ന ആ മകനും - നിസ്സാരമായ ഒരു കൊച്ചനുഭവമായിരിക്കാം. പക്ഷേ, മനസ്സിലുണർത്തുന്ന ശോകാവേഗത്തിൽ മുഴുകിപ്പോകാതിരിക്കാൻ ഈകവി ത വായിച്ചുവെക്കുന്ന സഹൃദയനു സാധ്യമല്ല.

കടൽക്കരയിൽ, സന്ധ്യ മയങ്ങുമ്പോൾ മുനിഞ്ഞിരിക്കുന്ന യുവമിഥുനങ്ങളുടെ ഒരു ചിത്രമുണ്ട് "കടൽക്കരയിൽ "എന്ന കവിതയിൽ.

"നനവാർന്നതാം കടൽ-
ക്കര, യാഞ്ഞടിക്കുന്ന
തിരമാലകൾ ർ വീണ്ടും
നീളുന്ന നിഴലുകൾ.
വിജന വിമൂകമാം
തീരഭൂവിതിൽ രണ്ടു
പദമുദ്രകൾ പോലെ
നീയുമീഞാനും മാത്രം!
കാറ്റിരമ്പുന്നൂ, തണു-
പ്പേറിയ ധനുമാസ
രാവിതാ മൂടിപ്പുത-
ച്ചെത്തുവാനൊരുങ്ങുന്നു.
നീണ്ട തൻ വിരൽത്തുമ്പാ-
ലിനിയും മറയാത്ത
കാലടിപ്പാടൊക്കെയും
കടൽ മായ്ക്കുന്നൂ വീണ്ടും.
ജലബിന്ദുക്കൾ മിന്നി
നില്ക്കമീയളകങ്ങൾ
കരതാരിനാൽ മാടി-
യൊതുക്കാനൊരുങ്ങാതെ
ഈറനാ, യെന്നാലുമീ
നനവാർന്നതാം കടൽ-
ത്തീരത്തിലിരിക്കുന്നൂ
നീയുമീ ഞാനും മാത്രം. "

നേർത്ത വരകൾ കൊണ്ടുള്ള ഭാവചിത്രങ്ങൾ! മനസ്സിൽ ഒരസ്വാസ്ഥ്യതയുണ്ടാക്കുവാൻ അവ പര്യാപ്തങ്ങളാണ്. കവിതയുടെ ഈയൊരു കോണിൽ ശ്രീ ഭാസിയുടെ പേരു പതിഞ്ഞു കിടക്കുന്നു. ഒരു തുടക്കമെന്ന നിലയിൽ ഇതൊരു നല്ല വാഗ്ദാനം തന്നെ. ■